**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2528** **21-01-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് സൗജന്യ വൈദ്യുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | കാർഷികാവശ്യങ്ങൾക്കായി കർഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് നിലവിൽ പ്രത്യേക പദ്ധതികളില്ല. മറ്റു കണക്ഷനുകൾ നൽകുന്ന നടപടിക്രമങ്ങൾ പ്രകാരം തന്നെയാണ് കാർഷിക കണക്ഷനും നൽകുന്നത്. താഴെ പറയുന്ന നിബന്ധനകൾ പ്രകാരമുള്ള കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് കൃഷി ഭവനുകൾ മുഖാന്തിരം കൃഷി വകുപ്പ് അടക്കുന്നതിനാൽ ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായാണ് ലഭ്യമാകുന്നത്. ഇതിന് കൃഷി വകുപ്പ് ഏർപ്പെടുത്തിയ നിബന്ധനകൾ ഇവയാണ്. (i) 30 സെന്റിൽ കുറയാതെ ഭൂമിയുള്ളതും, അതിൽ 75 ശതമാനം സ്ഥലമെങ്കിലും കാർഷിക വിളകൾ കൃഷി ചെയ്യാൻ ഉപയോഗിക്കുന്ന കർഷകർക്ക് പത്തു സെന്റിൽ കുറയാത്ത സ്ഥലത്ത് നടത്തുന്ന പച്ചക്കറി കൃഷിക്ക്. (ii) അഞ്ചു സെന്റിൽ കുറയാത്ത സ്ഥലത്ത് വെറ്റില കൃഷിക്ക്. |
| (ബി) | കൃഷിക്കാർക്ക് സൗജന്യമായി കാർഷികാവശ്യങ്ങൾക്കായി വൈദ്യുതി നൽകുന്ന പദ്ധതി നടപ്പിലാക്കാൻ സർക്കാർ തയ്യാറാവുമോ; വിശദമാക്കുമോ? | (ബി) | കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ നൽകുന്നതിന് നിലവിൽ പ്രത്യേക പദ്ധതികളില്ല. മറ്റു കണക്ഷനുകൾ നൽകുന്ന നടപടിക്രമങ്ങൾ പ്രകാരം തന്നെയാണ് കാർഷിക കണക്ഷനും നൽകുന്നത്. താഴെ പറയുന്ന നിബന്ധനകൾ പ്രകാരമുള്ള കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജ്ജ് കൃഷി ഭവനുകൾ മുഖാന്തിരം കൃഷി വകുപ്പ് അടക്കുന്നതിനാൽ ഉപഭോക്താക്കൾക്ക് വൈദ്യുതി സൗജന്യമായാണ് ലഭ്യമാകുന്നത്. ഇതിന് കൃഷി വകുപ്പ് ഏർപ്പെടുത്തിയ നിബന്ധനകൾ ഇവയാണ്. (i) 30 സെന്റിൽ കുറയാതെ ഭൂമിയുള്ളതും, അതിൽ 75 ശതമാനം സ്ഥലമെങ്കിലും കാർഷിക വിളകൾ കൃഷി ചെയ്യാൻ ഉപയോഗിക്കുന്ന കർഷകർക്ക് പത്തു സെന്റിൽ കുറയാത്ത സ്ഥലത്ത് നടത്തുന്ന പച്ചക്കറി കൃഷിക്ക്. (ii) അഞ്ചു സെന്റിൽ കുറയാത്ത സ്ഥലത്ത് വെറ്റില കൃഷിക്ക്. |

സെക്ഷൻ ഓഫീസർ